ഏരിസ്റ്റ് അഡ്വർടൈസിംഗ് തിരുവനന്തപുരം, കാൻവാസ് തിരുവനന്തപുരം എന്നീ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിരിക്കുന്നു.†

ജില്ലാതലസ്ഥാനങ്ങളെ എയർടാക്സി സർവ്വീസ് മുഖേന ബന്ധിപ്പിക്കാൻ നടപടി

73(1552) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളുടെ ആവശ്യാർത്ഥം സംസ്ഥാനത്തെ ജില്ലാ തലസ്ഥാനങ്ങളെ തമ്മിൽ എയർടാക്സി സർവ്വീസു മുഖേന ബന്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ടൂറിസം ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ള വയനാടിനെ ഇത്തരം ടാക്സി സർവ്വീസ്കൊണ്ട് ബന്ധിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഇല്ല. എന്നാൽ തിരുവനന്തപുരം-തേക്കടി-മൂന്നാർ-കൊച്ചി-കുമരകം-തിരുവനന്തപുരം എന്നീ വിനോദസഞ്ചാരകേന്ദ്രങ്ങളെ ഹെലികോപ്റ്റർ സർവ്വീസ് വഴി ബന്ധിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

കാപ്പിമല ടൂറിസ്റ്റ് കേന്ദ്രമാക്കാൻ നടപടി

74(1553) ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ പഞ്ചായത്തിലെ കാപ്പിമല ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന് നൽകിയ അപേക്ഷിയിൽ സർക്കാർ എന്ത് തുരുമാനമാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) എത്ര രൂപയുടെ പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്;

(സി) പ്രസ്തുത അപേക്ഷയിന്മേൽ സർക്കാർ എന്തൊക്കെ നടപടികളാണ് ഇതുവരെയായി സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നാദാപുരത്ത് ഏതൊക്കെ മേഖലകൾ ടൂറിസ്റ്റ് സാദ്ധ്യതയുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്?

ഉത്തരം

(എ-സി) കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ പഞ്ചായത്തിലെ കാപ്പിമല ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന്റെ സാദ്ധ്യതയെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കാൻ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷം അവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നാദാപുരത്തെ ഒരു മേഖലയും ഇപ്പോൾ സംസ്ഥാന ടൂറിസം ഭൂപടത്തിലില്ല. അവിടുത്തെ ടൂറിസം സാധ്യത പരിശോധിക്കാവുന്നതാണ്.

ആയുർവ്വേദ ചികിത്സയ്ക്കായി എത്തുന്ന വിനോദസഞ്ചാരികൾ

75(1554) ശ്രീ. കെ. എ. ചന്ദ്രൻ:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. എം. എം. ഹസ്സൻ:

ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ചികിത്സ ലക്ഷ്യമിട്ട് എത്ര വിനോദസഞ്ചാരികൾ സംസ്ഥാനത്ത് അടുത്ത ടൂറിസ്റ്റ് സീസണിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു;

(ബി) ഇവർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളെടുത്തു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2006-ൽ ഉദ്ദേശം 8 ലക്ഷത്തോളം വിനോദസഞ്ചാരികൾ സംസ്ഥാനത്ത് ആയുർവ്വേദ ചികിത്സ മാത്രം ലക്ഷ്യമിട്ട് എത്തുമെന്ന് പ്രതീക്ഷിക്കുന്നു;

(ബി) കേരളത്തിൽ ആയുർവ്വേദ ചികിത്സ ലക്ഷ്യമിട്ടുകൊണ്ട് എത്തുന്ന ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഗുണമേന്മയുള്ള ആയുർവേദ കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്ന ഒരു പദ്ധതി ടൂറിസം വകുപ്പിലുണ്ട്. അംഗീകാരം ലഭിച്ചിട്ടുള്ള കേന്ദ്രങ്ങളെ ടൂറിസം വകുപ്പിന്റെ ലഘുലേഖകൾ, ഔദ്യോഗിക വെബ്സൈറ്റ് എന്നിവയിൽ ഉൾപ്പെടുത്തി അന്തർദേശീയ തലത്തിൽ പ്രചരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly